

# 6 The Sacrament of Holy Orders
## തിരുപ്പട്ടം (പൗരോഹിത്യം)

1. Where do we find a deep rooted reference in the Old Testament for the Priesthood ? / പൗരോഹിത്യത്തെക്കുറിച്ച് ആഴത്തിൽ വേരൂന്നിയ ഒരു പരാമർശം പഴയനിയമത്തിൽ എവിടെയാണ് നാം കാണുന്നത്?

   **Answer:** You will be my chosen people, a people dedicated to me alone, and you will serve me as Priests/നിങ്ങൾ എന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായിരിക്കും. നിങ്ങൾ എനിക്ക് പുരോഹിത രാജ്യവും വിശുദ്ധജന വുമായിരിക്കും.

2. In whom do we find the fulfillment of all the archetypes of the Old Testament priesthood? / പഴയനിയമ പൗരോഹിത്യത്തിന്റെ എല്ലാ പ്രതിരൂപങ്ങളുടെയും പൂർത്തീകരണം ആരിലാണ് നാം ദർശിക്കുന്നത്?

   **Answer:** In Christ who is the only mediator between God and human / ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയിലെ ഏക മധ്യസ്ഥനായ ക്രിസ്തുവിൽ (CCC 1544)

3. These are some of the Scriptural passages that mention Priests, Priesthood, their responsibilities etc./ പൗരോഹിത്യം, പുരോഹിതന്മാർ, അവരുടെ ഉത്തരവാദിത്തങ്ങൾ മുതലായവ പരാമർശിക്കുന്ന ചില തിരുവെഴുത്തുഭാഗങ്ങൾ ഇവയാണ്:

   **Answer:** 1 Corinthians 1:26, Philippians 2:5-8, Hebrews 7:25, Matthew 19:12, Hebrews 2:17-18, Hebrews 5:1-4, Hebrews 9:6-7, Revelation 5:10, 1 Peter 2:5, Hebrews 13:15-16, 1 Peter 2:9, Romans 12:1-2, Ephesians 5:1-2, Exodus 19:5-6, Numbers 3:31-32, Numbers 4:16, Numbers 18:7, 1 Chronicles 23:32, / 1 കോറി.1:26, ഫിലി. 2:58, ഹെബ്രാ. 7:25, മത്താ. 19:12, ഹെബ്രാ. 2:17 18, ഹെബ്രാ. 5:14, ഹെബ്രാ. 9:6, വെളി. 5:10, 1 പത്രോ 2:5, ഹെബ്രാ. 13:15 16, 1 പത്രോ 2:9, റോമാ 12:12, എഫേ. 5:12, പുറ. 19:56, സംഖ്യ 3:3132, സംഖ്യ 4:16, സംഖ്യ 18:7, 1 ദിന. 23:32,

4. Which epistle in the New Testament gives a clear view about the priesthood of Christ? / പുതിയ നിയമത്തിൽ ക്രിസ്തുവിന്റെ പൗരോഹിത്യത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് നൽകുന്ന ലേഖനമേതാണ്?

   **Answer:** Letter to Hebrews / ഹെബ്രായർക്കുള്ള ലേഖനം

5. Until the end of time, by which sacrament does the Church carry out the mission that Christ entrusted to his apostles? / ക്രിസ്തു തന്റെ അപ്പസ്തോലൻമാരെ ഭരമേൽപ്പിച്ച ദൗത്യം യുഗാന്ത്യത്തോളം സഭയിൽ നിർവഹിക്കപ്പെടുന്നത് ഏത് കൂദാശയിലൂടെയാണ്?

   **Answer:** Holy Orders / തിരുപ്പട്ടം (പൗരോഹിത്യം) (CCC 1536, 1565)

6. How did Jesus authorize the disciples to continue the Holy Eucharist that he instituted during the Last Supper? / ഈശോമിശിഹാ അന്ത്യത്താഴവേളയിൽ സ്ഥാപിച്ച വിശുദ്ധ കുർബാന തുടർന്നു കൊണ്ടുപോകാൻ ശിഷ്യന്മാരെ അധികാരപ്പെടുത്തിയത് എന്ത് പറഞ്ഞുകൊണ്ടാണ്?

   **Answer:** "Do this in remembrance of me"Lk 22:19 / 'ഇത് നിങ്ങൾ എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ' ലൂക്ക 22:19

7. Who is the source of priesthood? /പൗരോഹിത്യത്തിന്റെ ഉറവിടം ആരാണ്?

   **Answer:** Jesus Christ / ഈശോ മിശിഹാ (CCC 1548)

8. "Only Christ is the true Priest". Then who are the others? /'ക്രിസ്തു മാത്രമാണ് യഥാർത്ഥ പുരോഹിതൻ'. അപ്പോൾ മറ്റുള്ളവർ ആരാണ്?

**Answer:** The others are only His Ministers/ മറ്റുള്ളവർ അവന്റെ ശുശ്രൂഷകർ മാത്രമാണ് (CCC1545)

9. By which sacrament does the priest participate in the universality of the mission that Christ entrusted to the apostles? / ക്രിസ്തു അപ്പസ്തോലൻമാരെ ഏൽപ്പിച്ച ദൗത്യത്തിന്റെ സാർവ്വത്രികതയിൽ പുരോഹിതൻ പങ്കുചേരുന്നത് ഏത് കൂദാശവഴിയാണ്?

   **Answer:** Holy Orders / തിരുപ്പട്ടം

10. Who is entrusted with the responsibility of leading the people of God to the perfection of holiness? / ജനങ്ങളെ വിശുദ്ധിയുടെ പൂർണ്ണതയിലേക്ക് നയിക്കുവാനുള്ള ഉത്തരവാദിത്വം നിക്ഷിപ്തമായിരിക്കുന്നത് ആരിലാണ്?

    **Answer:** The Ordained priests / തിരുപ്പട്ടം സ്വീകരിച്ച പുരോഹിതരിൽ

11. What does the anointing with the oil in the Sacrament of Holy Order signify? തിരുപ്പട്ട സമയത്തു വിശുദ്ധ തൈലംകൊണ്ടുനടത്തുന്ന അഭിഷേകം എന്തിന്റെ അടയാളമാണ്?

    **Answer:** The sign of Consecration / പ്രതിഷ്ഠയെ സൂചിപ്പിക്കുന്നു

12. The sacrament of Holy Orders cannot be repeated or administered temporarily. Why? /തിരുപ്പട്ട കൂദാശ ആവർത്തിക്കാനോ തൽക്കാലത്തേക്കായി നൽകാനോ പാടില്ല. എന്തുകൊണ്ട്?

    **Answer:** Sacrament of Holy Orders makes an indelible spiritual imprint on the recipient/ തിരുപ്പട്ടമെന്ന കൂദാശ സ്വീകരിക്കുമ്പോൾ മായാത്ത ആത്മീയമുദ്ര പതിപ്പിക്കപ്പെടുന്നതിനാൽ.

13. What is the basic responsibility of the priesthood? / ശുശ്രൂഷ പൗരോഹിത്വത്തിന്റെ അടിസ്ഥാന ധർമ്മമെന്താണ്?

    **Answer:** Teach, lead, sanctify/ പഠിപ്പിക്കുക, നയിക്കുക, വിശുദ്ധീകരിക്കുക

14. Which sacrament grants the authority and grace to humans to perform rituals and thereby deliver divine blessings to the people of God? / തിരുക്കർമ്മങ്ങൾ അനുഷ്ഠിക്കുവാനും അതുവഴി ദൈവിക വരപ്രസാദം മനുഷ്യർക്ക് എത്തിച്ചു കൊടുക്കുവാനും വേണ്ടി മനുഷ്യർക്ക് അധികാരവും പ്രസാദവരവും പ്രദാനം ചെയ്യുന്ന ഒരു കൂദാശയേതാണ്?

    **Answer:** Holy Orders / തിരുപ്പട്ടം

15. Like Jesus the eternal priest, who are the appointed people today to serve as heralds and perpetual servants of the Kingdom of God? / നിത്യപുരോഹിതനായ യേശുവിനെപ്പോലെ ദൈവരാജ്യം പ്രഘോഷകരായും നിത്യശുശ്രൂഷകരായും സേവനമനുഷ്ഠിക്കുവാൻ ഇന്ന് നിയോഗിക്കപ്പെട്ടവരാര്?

    **Answer:** Priests/ വൈദീകർ

16. What is the major visible sign of the conferring of the Holy Orders? /തിരുപ്പട്ടം കൊടുക്കലിന്റെ പ്രധാന ദൃശ്യാടയാളമെന്താണ്?

    **Answer:** Laying on of the hands by the bishop with the prayers of consecration. / പ്രതിഷ്ഠാപന പ്രാർത്ഥനയോടുകൂടിയുള്ള മെത്രാന്റെ കൈവയ്പ്പ്

17. Why the conferment of the Holy Order is also called as Consecration? / തിരുപ്പട്ടം നൽകൽ ശുശ്രൂഷയെ പ്രതിഷ്ഠാകർമ്മം എന്നു വിളിക്കുന്നതെന്തുകൊണ്ട്?

    **Answer:** It is because the Holy Order set-apart and commission for the Church of Christ / തിരുപ്പട്ടം എന്നത് ക്രിസ്തുവിന്റെ സഭയ്ക്കുവേണ്ടി നടത്തുന്ന വേർതിരിക്കലും ദൗത്യമേൽപ്പിക്കലുമായതുകൊണ്ട് (CCC 1538)

18. What does the Syriac word Syamida means? / 'സ്യാമിദ' എന്ന സുറിയാനി വാക്കിന്റെ അർത്ഥമെന്ത്?

    **Answer:** Laying on of the hands / കൈവയ്പ്പ്

19. What are the two types of participation by the faithful in the 'Common Priesthood of Christ'?/ ക്രിസ്തുവിന്റെ പൊതുപൗരോഹിത്യത്തിൽ ദൈവജനം പങ്കുചേർന്നിരിക്കുന്ന രണ്ടു പ്രകാരങ്ങൾ ഏതൊക്കെയാണ്?

**Answer:** Common Priesthood and Ministerial Priesthood. Through the sacrament of Baptism the entire faithful share in the holy Priesthood of Christ, known as Common priesthood (CCC1546, 1591) / പൊതുപൗരോഹിത്യവും ശുശ്രൂഷാ പൗരോഹിത്യവും. മാമ്മോദീസാ എന്ന കൂദാശയിലൂടെ വിശ്വാസികൾ എല്ലാവരും ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുചേരുന്നു. അത് രാജകീയ പൗരോഹിത്യം /പൊതുപൗരോഹിത്യമെന്നറിയപ്പെടുന്നു. (CCC 1546, 1591)

20. The ministerial priesthood differs in essence from the Common priesthood of the faithful. Why? ശുശ്രൂഷാ പൗരോഹിത്യം പൊതു പൗരോഹിത്യത്തിൽനിന്നും സാരാംശത്തിൽ ഭിന്നമാകുന്നു. കാരണമെന്ത്?

**Answer:** The Sacrament of Holy Order confers a sacred power for the service of the faithful . / വിശ്വാസികളുടെ ശുശ്രൂഷയ്ക്കായി തിരുപ്പട്ടമെന്ന കൂദാശവഴി പുരോഹിതർക്ക് വിശുദ്ധമായൊരു അധികാരം പ്രദാനം ചെയ്യുന്നുണ്ട്.(CCC 1592)

21. What is the model recommended in the exercicing the authortiy of the ministerial priesthood? / ശുശ്രൂഷാ പൗരോഹിത്യത്തിന്റെ അധികാരവിനിയോഗത്തിന് മാതൃകയാക്കേണ്ട മാനദണ്ഡമെന്ത്?

**Answer:** The exercising of the authiry of ministerial priesthood must be measured against the model of Christ, who by love made himself the least and the servant of all / ശുശ്രൂഷാ പൗരോഹിത്യത്തിന്റെ അധികാരവിനിയോഗത്തിന് സ്നേഹത്തെപ്രതി തന്നെത്തന്നെ ഏറ്റവും ചെറിയവനും എല്ലാവരുടെയും ദാസനുമാക്കിയ ക്രിസ്തുവിന്റെ മാതൃകയാണ് മാനദണ്ഡമാക്കേണ്ടത് (CCC1551)

22. What is the task of ministerial priesthood? / ശുശ്രൂഷാപൗരോഹിത്യത്തിന്റെ ദൗത്യമെന്താണ്?

**Answer:** The ministerial priesthood has the task not only of representing Christ before the assembly of faithful but acting in the name of the whole church when presenting to God the prayer of the Church and above all when offering the Eucharistic Sacrifice / വിശ്വാസികളുടെ സമൂഹത്തിന്റെ മുമ്പാകെ സഭയുടെ ശിരസ്സായ ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുക എന്ന ദൗത്യം മാത്രമല്ല ശുശ്രൂഷാപൗരോഹിത്യത്തിനുള്ളത്. സഭയുടെ പ്രാർഥന ദൈവത്തിന് അർപ്പിക്കുമ്പോൾ, എല്ലാറ്റിനുമുപരി വി.കുർബാന അർപ്പിക്കുമ്പോൾ, സഭ മുഴുവന്റെയും നാമത്തിൽ പ്രവർത്തിക്കുക എന്ന ദൗത്യം കൂടി അതിനുണ്ട് (CCC1552)

23. What are the three degrees of the Holy Orders?/ തിരുപ്പട്ട കൂദാശയുടെ മൂന്നു പദവികൾ ഏതെല്ലാം?

**Answer:** Episcopate, Presbyterate, Diaconate / മെത്രാൻ പട്ടം, പുരോഹിത പട്ടം, ഡീക്കൻ പട്ടം (CCC 1536)

24. Where is the fullness of the Sacrament of Holy Orders? /തിരുപ്പട്ട കൂദാശയുടെ തികവെന്തിലാണ്?

**Answer:** In the Episcopal Ordination / മെത്രാൻ പട്ടത്തിൽ (CCC1555)

25. When does one become a member of the College of the bishops ? / ഒരാൾ മെത്രാൻ സംഘത്തിലെ അംഗമായിത്തീരുന്നതെപ്പോൾ ?

**Answer:** Through the sacrament of the episcopal ordination and the hierarchical communion with the head and members of the episcopate / മെത്രാഭിഷേക കൂദാശയിലൂടെയും ഒപ്പം മെത്രാൻ സംഘത്തിലെ തലവനോടും അംഗങ്ങളോടുമുള്ള ഹയരാർക്കി പരമായ കൂട്ടായ്മയും വഴി (CCC 1559)

26. As whose representative each bishop has to exercise the pastoral care of the local Church entrusted to him? / ഓരോ മെത്രാനും തനിക്കേൽപ്പിക്കപ്പെട്ടിരിക്കുന്ന പ്രാദേശിക സഭയുടെ അജപാലനം ആരുടെ പ്രതിനിധിയെന്നനിലക്കാണ് നിർവ്വഹിക്കേണ്ടത്?

**Answer:** Of Jesus Christ / ഈശോ മിശിഹായുടെ

27. How does an Ordained priest exercise his service for the people of God? അഭിഷിക്തരാകുന്ന പുരോഹിതർ ദൈവജനത്തിനായുള്ള തങ്ങളുടെ ശുശ്രൂഷ എപ്രകാരമാണ് നിർവ്വഹിക്കുന്നത്?

**Answer:** Through Teaching, divine worship and pastoral governance / പ്രബോധനത്തിലൂടെയും ദൈവാരാധനയിലൂടെയും അജപാനത്തിലൂടെയും (CCC1592)

28. Who can confer the sacrament of Holy Orders? /തിരുപ്പട്ട കൂദാശ നൽകുന്നതാര്?

**Answer:** Bishops/ മെത്രാൻമാർ

29. What does the priest proclaim through his life? പുരോഹിതൻ തന്റെ ജീവിതത്തിലൂടെ പ്രഖ്യാപിക്കുന്നതെന്ത്?

**Answer:** That he received the sacrament of Holy Orders not to be served but to serve / ശുശ്രൂഷിക്കപ്പെടുവാനല്ല ശുശ്രൂഷിക്കുവാനാണ് താൻ പൗരോഹിത്യമെന്ന കൂദാശ സ്വീകരിച്ചിരിക്കുന്നതെന്ന്

30. Who headed the committee that translated the Order of Holy Orders of the Syro-Malabar Church from Syriac to Malayalam? / സീറോമലബാർ സഭയിൽ സുറിയാനി ഭാഷയിലുണ്ടായിരുന്ന പട്ടക്രമം മലയാളത്തിലേക്ക് വിവർത്തനം ചെയ്തത് ആരുടെ നേതൃത്വത്തിലുള്ള കമ്മറ്റിയാണ്?

**Answer:** Mar Sebastian Valloppilly / മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി

31. Cutting the hair is a ritual while administering the Sacrament of Holy Orders in the Syro-Malabar Church. What does it symbolize? സീറോ മലബാർ സഭയിലെ തിരുപ്പട്ട ക്രമത്തിന്റെ ഭാഗമാണ് മുടി മുറിക്കുന്നത്. പ്രസ്തുത കർമ്മം സൂചിപ്പിക്കുന്നതെന്ത്?

**Answer:** Removal of sins / പാപങ്ങൾ നീക്കുന്നതിനെ

32. Which are the Major Orders in the Syro-Malabar Church? / സീറോമലബാർ സഭയിലെ വലിയപട്ടങ്ങൾ ഏതെല്ലാം?

**Answer:** Order of Diaconate / Order of Presbyterate / Order of Episcopate / ഡീക്കൻപ്പട്ടം, തിരുപ്പട്ടം, മെത്രാൻപ്പട്ടം

33. Which are the minor orders in the Syro-malabar Church prior to the reception of Holy Orders? / സീറോമലബാർ സഭയിൽ തിരുപ്പട്ട ശുശ്രൂഷക്കുമുമ്പ് നൽകുന്ന ചെറുപട്ടങ്ങൾ ഏതെല്ലാം?

**Answer:** Order of Karoya, Order of Heupadiakona / കാറോയാ പട്ടം, ഹെവുപ്പദ് യാക്ക്ന പട്ടം

34. What is the significance of the Karoya minor order? / കാറോയപട്ടത്തിന്റെ പ്രാധാന്യമെന്ത്?

**Answer:** The term Karoya', meaning 'the reciter', is the first of the two minor Orders of the Syro-Malabar Church. This is the official title for reading from the Old Testament in the liturgy. Kothina and Sunara are the garments of the Karoya Order. Kothina "means putting on the new man and Sunara means purtiy. Cutting the hair when he is given this minor order iss ymbolic of saying goodbye to the vices of the world./ 'പാരായണം ചെയ്യുന്നവൻ' എന്നർത്ഥം വരുന്ന കറോയ എന്ന പദം സീറോ മലബാർ സഭയുടെ രണ്ട് ചെറുപട്ടങ്ങളിൽ ആദ്യത്തേതാണ്. ആരാധനക്രമത്തിലെ പഴയനിയമത്തിൽ നിന്ന് വായിക്കുന്നതിനുള്ള ഔദ്യോഗിക പദവിയാണിത് നൽകുന്നത്. കൊത്തീനയും സുനാറയും കാറോയാ ഓർഡറിന്റെ വസ്ത്രങ്ങളാണ്. കൊത്തീന എന്നാൽ 'പുതിയ മനുഷ്യനെ ധരിക്കുക എന്നും സുനാറ എന്നാൽ 'ശുദ്ധി' എന്നുമാണ് അർഥമാക്കുന്നത്. കാറോയപട്ടം നൽകുമ്പോൾ മുടി വെട്ടുന്നത് ലോകത്തിന്റെ തിന്മകളോട് വിട പറയുന്നതിന്റെ പ്രതീകമാണ്.

35. What is the significance of the Hevupadyakna Order / ഹെവുപ്പദ്യാക്ക്ന പട്ടത്തിന്റെ പ്രാധാന്യമെന്ത്?

**Answer:** The second minor order is the Hevupadyakna order or 'Sub-Deaconate'. Their responsibiltiy is to assist in the rites of the liturgy. Apart from the garments of the Karoya order, the Urara around the neck is also given. Urara is a garment worn when dealing with sacred matters / രണ്ടാമത്തെ ചെറുപട്ടമാണ് ഹെവുപ്പദ്യാക്ക്ന പട്ടം. അഥവാ സബ് ഡയക്കണേറ്റ്' ദേവാലയ

ത്തിലെ തിരുക്കർമ്മങ്ങളിൽ സഹായിക്കേണ്ട ജോലിയാണ് ഇവരുടേത്. കാറോയ പട്ടക്കാരന്റെ തിരുവസ്ത്രങ്ങൾ കൂടാതെ, കഴുത്തിനു ചുറ്റുമായി ഊറായും അർത്ഥിക്കു നല്കുന്നു. വിശുദ്ധ കാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ധരിക്കുന്ന തിരുവസ്ത്രമാണ് ഊറാറ

36. What does the Greek word 'diakonia' mean? /'ഡിയാക്കോണിയ' എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥമെന്ത് ?

**Answer:** Care, service / ശുശ്രൂഷ, സേവനം

37. What is the significance of the Order of Deacon/ മ്ശംമ്ശാന\ (ഡീക്കൻ) പട്ടത്തിന്റെ പ്രാധാന്യമെന്ത്?

**Answer:** The title deacon (Msammshana) is considered a major order title, as the tasks undertaken are more serious. Special duties include reading the epistle at the Holy Eucharist, presenting gifts at the offertory, preaching the Gospel, and performing rites for the dead without blessing etc. / ഏറ്റെടുക്കുന്ന ദൗത്യങ്ങൾ കൂടുതൽ ഗൗരവതരമായതുകൊണ്ടാ മ്ശംമ്ശാന പട്ടം വലിയ പട്ടമായി പരിഗണിക്കുന്നു. വിശുദ്ധ കുർബാനയിൽ ലേഖനം വായിക്കുക, കാഴ്ചവസ്തുക്കൾ സമർപ്പിക്കുക, സുവിശേഷപ്രസംഗം നടത്തുക ആശീർവാദങ്ങൾ ഒഴിവാക്കി മരിച്ചവർക്കുവേണ്ടിയുള്ള തിരുക്കർമ്മങ്ങൾ നടത്തുക തുടങ്ങിയവ പ്രത്യേക ചുമതലകളാണ്.

